# തൈക്കാട് അയ്യാ സ്വാമി

- **ജനനം:** 1814
- **മരണം:** 1909

യോഗാചാര്യനും പണ്ഡിതനും ഗ്രന്ഥകാരനുമായിരുന്ന തൈക്കാട് അയ്യാ സ്വാമി.

ശ്രീനാരായണ ഗുരുവിന്റെയും ചട്ടമ്പിസ്വാമികളുടെയും ഗുരുനാഥനായിരുന്ന അയ്യാസ്വാമികൾ.

കാശ്യപഗോത്രജനായ മുത്തുകുമാരന്റെയും സൈവ വെള്ളാള സമുദായാംഗമായ രുക്മിണി അമ്മാളുടെയും മകനായി 1814-ൽ മലബാറിലെ പാമ്പുംകാട് എന്ന സ്ഥലത്തു ജനിച്ചു.

മിഴിൽ അസാമാന്യ പാടവമുണ്ടായിരുന്ന പിതാവിൽ നിന്ന് ആ ഭാഷയിൽ പാണ്ഡിത്യം നേടി. മാതാപിതാക്കൾ നൽകിയ പേര് സുബ്ബരായർ എന്നായിരുന്നു. ഉദ്യോഗാർഥം ദീർഘകാലം തിരുവനന്തപുരത്ത് തൈക്കാട്ട് താമസമാക്കിയിരുന്നു. അങ്ങനെയാണ് തൈക്കാട് അയ്യാസ്വാമി എന്ന പേരിൽ ഇദ്ദേഹം പിൽകാലത്ത് പ്രസിദ്ധനാകാൻ ഇടയായത്.

## നവോത്ഥാന പ്രവർത്തനങ്ങൾ

ആത്മീയതയ്ക്കും ഭൗതികതയ്ക്കും തുല്യപ്രാധാന്യം നൽകി, ജാതി- മത-വർഗ്ഗ-വർണ്ണ-ലിംഗഭേദമന്യേ സാധാരണക്കാരുടെ ഇടയിലേക്കു ഇറങ്ങിച്ചെല്ലുകയും താഴ്ന്നവിഭാഗങ്ങളിൽ ഉള്ളവർക്ക് ബ്രാഹ്മണരോടും തന്നോടും ഒപ്പം തുല്യസ്ഥാനം നല്കുകയും ചെയ്ത യോഗിവര്യനായിരുന്നു ഇദ്ദേഹം തിരുവനന്തപുരത്തെ തൈക്കാടു വച്ചു തൈപ്പൂയസദ്യയ്ക്കു ബ്രാഹ്മണരോടും തന്നോടും ഒപ്പം പുലയസമുദായത്തിൽ ജനിച്ച അയ്യങ്കാളിയെ ഒപ്പമിരുത്തി അയിത്തോച്ചാടനത്തിനായി "പന്തിഭോജനം" ലോകത്തിൽ തന്നെ ആദ്യമായി ആരംഭിച്ചതു അയ്യാസാമികളായിരുന്നു. സവർണ്ണർ അദ്ദേഹത്തെ ആക്ഷേപിച്ചു. "പാണ്ടിപ്പറയൻ"," എന്നു വിളിച്ചപ്പോൾ.

*“ഇന്ത ഉലകത്തിലെ*

*ഒരേ ഒരു മതം താൻ*

*ഒരേ ഒരു ജാതി താൻ*

*ഒരേ ഒരു കടവുൾ താൻ”*

എന്നായിരുന്നു അയ്യാ സ്വാമികളുടെ മറുപടി.

- **യഥാർത്ഥ പേര് :** സുബ്ബരായർ
- **കൃതികൾ**

---

- ○ ബ്രഹ്മോത്തര കാണ്ഡ്ഡം
- ○ പഴനി വൈഭവം
- ○ രാമായണം പാട്ട്
- ○ ഉജ്ജയിനി മഹാകാളി പഞ്ചരത്നം
- ○ തിരുവാരൂർ മുരുകൻ
- ○ കുമാര കോവിൽ കുറവൻ
- ○ ഉള്ളൂരമർന്ന ഗുഹൻ
- ○ രാമായണം സുന്ദര കാണ്ഡം
- ○ ഹനുമാൻ പാമാലൈ
- ○ എന്റെ കാശി യാത്ര

---

For more notes & latest updates:

JOIN WHATSAPP GROUP

JOIN TELEGRAM CHANNEL

VISIT WWW.PSCNET.IN